# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6806

2/11/2011 ൽ മറുപടിക്ക്

## അദ്ധ്യാപക ബാങ്ക്

**ചോദ്യം**

ശ്രീ. കെ. മുരളീധരൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വി.ഡി.സതീശൻ
ശ്രീ. സി.പി.മുഹമ്മദ്

(എ) അദ്ധ്യാപക വിന്യാസത്തിനും ജോലി സുരക്ഷയ്ക്കും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി രൂപം നൽകിയിട്ടുള്ള അദ്ധ്യാപക ബാങ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അദ്ധ്യാപക ബാങ്ക് ഉണ്ടാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) അദ്ധ്യാപക വിന്യാസത്തിനും ജോലി സുരക്ഷയ്ക്കുമായി സർക്കാർ 1/10/2011 ൽ ജി.ഒ.(പി) നം.199/11/പൊ.വി.പ്രകാരം അദ്ധ്യാപക പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം ശമ്പളമില്ലാതെ ജോലിചെയ്യുന്ന 3361 അദ്ധ്യാപകർ 2939 സംരക്ഷിത അദ്ധ്യാപകർ , കുട്ടികളുടെ എണ്ണം കുറവുമൂലം പുറത്താക്കപ്പെട്ട 1462 അദ്ധ്യാപകർ എന്നിവരുടെ ജോലി സംരക്ഷണം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനായി ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ടീച്ചേഴ്സ് ബാങ്കുകൾ നിലവിൽ വന്നിട്ടുണ്ട്.

(ബി) യും (സി) യും

(1) മുകളിൽ പറയുന്ന മൂന്നു വിഭാഗത്തിന്റേയും ജോലി സ്ഥിരത ഉറപ്പുവരുത്തുക.
(2) സ്പെഷ്യലിസ്റ്റ് ടീച്ചർ വിഭാഗത്തിന്റെ സേവനം മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക.
(3) ഹ്രസ്വകാല ഒഴിവുകളിലേക്കും ട്രെയിനിംഗ് മുഖാന്തിരമുണ്ടാകുന്ന ഒഴിവുകളിലും താത്കാലികമായി അദ്ധ്യാപകരെ വിന്യസിക്കുക എന്നിവയാണ് ടീച്ചേഴ്സ് ബാങ്കിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് വിദ്യാഭ്യാസ ആഫീസർമാർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ